# 'കബനി' ഒഴുകുമ്പോൾ ...

കബനി ഒഴുകുകയാണ്........ ആദിവാസി സംസ്കൃതിയുടെ ചൂഷണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ആദിവാസികളേയും അവരുടെ ആചാരങ്ങളേയും തൊട്ടുത്തെറിഞ്ഞുകൊണ്ട്.... ഇതേ അനുഭവം തന്നെയാണ്, 'കബനി' എന്ന ചലച്ചിത്രം കാണുമ്പോഴും പ്രേക്ഷകനുണ്ടാകുക. സിനിമയിൽ 'കബനി' വയനാടൻ മണ്ണിലൂടെയൊഴുകുന്ന നദിയല്ല, സുന്ദരിയായ ഒരു ആദിവാസി യുവതിയാണ്, കബനിയിലൂടെ ചൂഷിതരാകുന്ന ആദിവാസി സമൂഹത്തിന്റെ കഥയാണ് സിനിമ വരച്ചുകാട്ടുന്നത്.

**സിനിമ**

ഒരു പതിറ്റാണ്ടു മുമ്പ് വരെ ആദിവാസി സമൂഹം അനുഭവിച്ചിരുന്ന യാതനകളുടെ ഒരു പരിച്ഛേദമാകുന്നു അമ്പിളി സംവിധാനം ചെയ്ത 'കബനി' എന്ന സിനിമ. വള്ളിയൂർക്കാവിലെ ഉത്സവത്തിനോടനുബന്ധിച്ച് അടിമപ്പണിക്കു കരാർ ചെയ്യപ്പെടുന്ന ആദിവാസികൾക്ക് നഷ്ടമാകുന്നതെന്തൊക്കെയെന്ന് കാട്ടിത്തരാൻ സംവിധായകൻ ശ്രമിക്കുന്നു. ചൂഷണം ചെയ്യാനായി ഒരു 'യശ്മാൻ' സമൂഹവും ചെയ്യപ്പെടാനായി 'അടിയൻ' സമൂഹവും ഊരുവിലക്കും, കളിക്കല്യാണവും പോലുള്ള ആചാരാനുഷ്ഠാനങ്ങളോട് കുറച്ചെങ്കിലും നീതി കാണിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ആദിവാസികളെ അക്ഷരാഭ്യാസം പഠിപ്പിക്കാനായി എത്തുന്ന രാമചന്ദ്രൻ മാസ്റ്ററും കബനിയും തമ്മിലുള്ള പ്രണയമാണ് സിനിമയുടെ മറ്റൊരു വിഷയം. എഴുത്തും വായനയും പഠിച്ച ഒരു കൂട്ടം ആദിവാസികളുടെ നേതാവായി കബനിയുടെ മൂത്താപ്പയായ ചോമൻ, (മാള അരവിന്ദൻ) മാറുന്നു. ചോമനിലൂടെയാണ് പിന്നീട് കഥ നീങ്ങുന്നത്. ചോമനാണ് നിധി കിട്ടുമെന്ന പ്രവചനവും ഗുഹ കണ്ടെത്തുന്നതും നാടകീയമായി ചിത്രീകരിക്കുന്നു. അതേ ഗുഹയിൽ വച്ച് കബനിയെ യശ്മാൻ നശിപ്പിക്കുന്നതും അതിനെ തുടർന്ന് കബനിയെ ഊരുവിലക്കുന്നതും ചോമൻ യശ്മാനെ കൊല്ലുന്നതുമാണ് സിനിമയുടെ ഇതിവൃത്തം. ഏറെ പുതുമയൊന്നും അവകാശപ്പെടാനില്ലാത്ത കഥ. ആദിവാസികേന്ദ്രിതമായ ചിത്രങ്ങളുടെ സ്ഥിരം 'ഫോർമുല'.

ചോമൻ എന്ന കഥാപാത്രത്തെ മാള അരവിന്ദൻ അവിസ്മരണീയമാക്കിയിരിക്കുന്നു. മലയാള സിനിമ ഇനിയും വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തിയിട്ടില്ലാത്ത നടനാണ് മാള എന്ന് ഈ സിനിമ സാക്ഷ്യം പറയുന്നു. പുതുമുഖം മേഘാ രാജൻ 'കബനി'യെ മനോഹരമാക്കിയിട്ടുണ്ട്. മനസ്സിൽ തൊടുന്നതാണ് വിദ്യാധരന്റെ സംഗീതം.

ധനത്തോടുള്ള ആർത്തി നാശത്തിലേക്കാണെന്ന് സൂചിപ്പിക്കാനായി സംവിധായകൻ ചിത്രീകരിച്ച ചോമൻ മൂപ്പന്റെ ഗുഹയും നിധിയും ചിത്രത്തിൽ മുഴച്ചു നിൽക്കുന്നതായാണ് അനുഭവപ്പെടുന്നത്. എളിയൂർക്കാവിലെ അടിമക്കരാർ പണി ഇന്ന് പഴങ്കഥയായിട്ടുണ്ട് എന്ന കാര്യം 'കബനി'യുടെ അണിയറക്കാർ അറിഞ്ഞിട്ടില്ല എന്നുണ്ടോ?